(ബി) പദ്ധതി നടത്തിപ്പിനായി സർക്കാർ തുകയൊന്നും അനുവദിച്ചിട്ടില്ല. 6.5 ലക്ഷം ച. അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. അതോടൊപ്പംതന്നെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു. ഏകദേശം 3.7 കി.മീ. നീളത്തിൽ റോഡ്, ഓടകൾ, കേബിൾ കഴികൾ, കാക്കനാട് വില്ലേജിലെ സ്മാർട്ട് സിറ്റി ഭൂമിയും ഇൻഫോപാർക്ക് റോഡുമായി ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണവും നടന്നുവരുന്നു. പ്രാഥമിക ജലലഭ്യത ഉറപ്പാക്കിക്കഴിഞ്ഞു. ജലസംഭരണികൾ, ജലസംസ്കരണ പ്ലാന്റുകൾ, പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

(സി) സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം ഘട്ടം ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. 2021 ആകമ്പോഴേക്കും പൂർണ്ണതോതിൽ പ്രവർത്തിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ.

(ഡി) സ്മാർട്ട് സിറ്റിയുടെ ആദ്യ ഐ.ടി കെട്ടിട നിർമ്മാണം മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്മാർട്ട് സിറ്റി പദ്ധതി

273 (618) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് സിറ്റി പദ്ധതി പ്രകാരം മൊത്തം എത്ര ലക്ഷം സ്ക്വയർ ഫീറ്റിന്റെ ഐ.ടി.അധിഷ്ഠിത കെട്ടിടമാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്നും ഇതിനകം എത്ര സ്ക്വയർ മീറ്റർ നിർമ്മാണം പൂർത്തിയാക്കിയെന്നും വിശദീകരിക്കുമോ ;

(ബി) ഇതിനകം പൂർത്തിയാക്കിയ കെട്ടിടത്തിലേക്ക് എത്ര ഐ.ടി. കമ്പനികളുമായി സ്മാർട്ട് സിറ്റി കരാറിൽ ഏർപ്പെടുകയുണ്ടായിട്ടുണ്ട് എന്നും കരാറിൽ ഏർപ്പെട്ട കമ്പനികൾ ഏതൊക്കെ എന്നും എത്ര സ്ക്വയർ മീറ്റർ ഐ.ടി. സ്പെയിസാണ് കമ്പനികൾ ഓരോന്നും എടുത്തിരിക്കുന്നത് എന്നും അവ എപ്പോൾ പ്രവർത്തനം ആരംഭിക്കും എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) സ്മാർട്ട് സിറ്റിക്കുവേണ്ടി സർക്കാർ ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾ പ്രകാരം ഏത് തീയതിക്കകം മൊത്തം ഐ.ടി. കെട്ടിടങ്ങളും നിർമ്മിക്കേണ്ടതായിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്നും ഏത് തീയതിക്കകം മൊത്തം എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കുമെന്നായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത് എന്നും വിശദമാക്കുമോ ?

ഉത്തരം

(എ) സ്മാർട്ട് സിറ്റി പദ്ധതിപ്രകാരം മൊത്തം 63 ലക്ഷം ച. അടി ഐ.ടി അധിഷ്ഠിത കെട്ടിടമാണ് വിഭാവനം ചെയ്തിട്ടുള്ളത്. 6.48 ലക്ഷം ച.അടി കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

(ബി) ഐ.ടി. കമ്പനികളുമായുള്ള കരാർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കരാർ പ്രകാരം ക്ലോസിംഗ് തീയതി മുതൽ 10 വർഷത്തിനകം 8.8 മില്യൺ ച. അടി നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും 90,000 തൊഴിലവസരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

സ്മാർട്ട് സിറ്റി പദ്ധതി

274 (619) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ അന്തിമ കരാറിൽ ഏർപ്പെട്ടത് ഏത് തീയതിയിലായിരുന്നു ; കരാർ വ്യവസ്ഥകൾ പ്രകാരം പിന്നിട്ട കാലയളവിനുള്ളിൽ സ്മാർട്ട് സിറ്റിയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ടായിരുന്നു ; എത്ര പേർക്ക് പുതുതായി തൊഴിൽ നൽകുന്ന എത്ര ഐ.ടി. കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ടായിരുന്നു ; വ്യവസ്ഥകൾ എല്ലാം പാലിക്കാറുണ്ടോ ; എങ്കിൽ എത്ര ശതമാനമെന്നും വിശദീകരിക്കുമോ ;

(ബി) ഇന്നത്തെ നിലയിൽ സ്മാർട്ട് സിറ്റി പദ്ധതി വിഭാവനം ചെയ്ത വിധത്തിൽ പൂർണസജ്ജമാകാൻ എത്ര സമയം വേണ്ടിവരുമെന്ന് കരുതുന്നു ;

(സി) പദ്ധതിക്കായി സർക്കാർ മൊത്തം എത്ര രൂപ നിക്ഷേപിച്ചുവെന്നും ടീകോം കമ്പനി എത്ര രൂപ നിക്ഷേപിച്ചുവെന്നും പദ്ധതിക്കുവേണ്ടി കടം എടുത്തത് എത്ര രൂപയെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly